**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.1639** **10/03/2020-ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

| **ചോദ്യം**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ഉത്തരം**<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉന്നത നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള വൈറസ് ഗവേഷണത്തിനായി തിരുവനന്തപുരത്ത് തോന്നക്കലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായ പ്രീ-ഫാബ് ബിൽഡിങ്ങിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. യോഗ്യരായ ശാസ്ത്രജ്ഞന്മാരെ നിയമിച്ചും അവശ്യ ഉപകരണങ്ങൾ സമാഹരിച്ചും ഈ സ്ഥാപനം പ്രവർത്തന സജ്ജമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ എല്ലാ വിധ വൈറസ് രോഗ നിർണ്ണയത്തിനും, ഗവേഷണത്തിനും സാധ്യമാണോ? | (ബി) | വൈറസുകളുടെ ജനുസ് നിർണ്ണയം, വൈറസുകളുടെ ജനിതകഘടന, വൈറസ് വാഹികളായിട്ടുള്ള കൊതുകുകൾ, അവയുടെ പ്രജനനം, സംക്രമണം, ഉന്മൂലനം എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈറസ് വാഹികളായിട്ടുള്ള മറ്റു ജന്തുക്കളും അവയിലൂടെയുള്ള വൈറസ് സംക്രമണ രീതികളും മറ്റും |

| | | | |
|---|---|---|---|
| | | | പ്രത്യേകപഠന നിരീക്ഷണ വിഷയമായിരിക്കും. കൂടാതെ, വൈറസ് നിർണ്ണയ കിറ്റുകൾ, വൈറസ് വാക്സിൻ എന്നിവ വികസിപ്പിക്കുവാനുള്ള ഗവേഷണങ്ങളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ തയ്യാറാക്കിവരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**